**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - സർക്കാർ എഞ്ചി. കോളേജ്, തൃശ്ശൂരിലെ ട്രേഡ് ഇൻസ്ട്രക്ടർ ( കമ്പ്യൂട്ടർ ) തസ്തികയിലെ ശ്രീ.എൽവിസ്.ഡി.കണ്ണത്ത്- നെ സർവീസിൽ നിന്നും നീക്കം ചെയ്തു അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/32147/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 08.08.2023

---

വായന:- 1. ഈ കാര്യാലയത്തിലെ 27/08/2013 ലെ EB2/29709/13/DTE നമ്പർ നടപടിക്രമം

2. തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാളിന്റെ 23/09/2021 ലെ ഇ 2/4249/13 നമ്പർ കത്ത് .

3. ഈ കാര്യാലയത്തിലെ 07/07/2022 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും , കുറ്റാരോപണ പത്രികയും

4 . 30/08/2022 - ൽ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾ മുഖേന ശ്രീ .എൽവിസ്.ഡി.കണ്ണത്ത് സമർപ്പിച്ച മെമ്മോയ്ക്കുള്ള മറുപടി

5 . ഈ കാര്യാലയത്തിലെ 25/10/2022 ലെ ഇതേ നമ്പർ നടപടിക്രമം

6 . കോഴിക്കോട് RDTE യിലെ അക്കൌണ്ട്സ് ഓഫീസർ സമർപ്പിച്ച 30/12/2022 ലെ അന്വേഷണ റിപ്പോർട്ട്

7 . ഈ കാര്യാലയത്തിലെ 26/03/2023 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**<u>ഉത്തരവ്</u>**

ശ്രീ.എൽവിസ്.ഡി.കണ്ണത്ത് ട്രേഡ് ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്), തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ജോലി നോക്കിവരവേ വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി KSR Part I Appendix XII A പ്രകാരം ഈ കാര്യാലയത്തിലെ സൂചന(1) ഉത്തരവ് വഴി 06/09/2013 പ്രാബല്യത്തിൽ 5 വർഷത്തെ ശൂന്യവേതനാവധി എടുക്കുകയും 05/09/2018 ന് അവധി കാലയളവ് കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിക്കുകയോ അവധി ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല എന്നും കാണുന്നു. ഈ വിവരം സൂചന (2) പ്രകാരം പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിരുന്നു . ഈ കാര്യാലയത്തിലെ നിർദേശപ്രകാരം സ്ഥാപന മേധാവി 23/09/2021 ന് ടിയാന് കത്ത് അയയ്ക്കുകയും അതിന് മറുപടിയായി 11/01/2022 തീയതി വച്ച് ടിയാൻ ഒരു അപേക്ഷ അയയ്ക്കുകയും ചെയ്തിരുന്നു.പ്രസ്തുത അപേക്ഷയിൽ 2018 സെപ്റ്റംബറിന് മുമ്പായി അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കണമെന്ന് കരുതിയിരുന്നുവെങ്കിലും സാധിച്ചിരുന്നില്ല എന്നും അത് തന്റെ ഭാഗത്ത് നിന്നുള്ള തെറ്റാണെന്നും മർഗ്ഗ നിർദേശങ്ങൾ തരണം എന്നും അപേക്ഷിച്ചിരുന്നു.

KSR Part I Appendix XII A ഖണ്ഡിക 9 പ്രകാരം ഇത്തരത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് സേവനം അവസാനിപ്പിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ ടിയാൻ നല്കിയ അപേക്ഷയിന്മേൽ അനുകൂല നിലപാട് എടുക്കാൻ സാധിക്കുകയില്ല .

ടിയാനെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും ) പ്രകാരം വ്യവസ്ഥാപിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കുവാൻ മതിയായ കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയവ രേഖാമൂലം വ്യക്തമാക്കുവാൻ ടിയാനോട് ഈ കാര്യാലയത്തിലെ സൂചന(3) കുറ്റപത്രം വഴി ആവശ്യപ്പെട്ടിരുന്നു .ആയതിന് ടിയാൻ സമർപ്പിച്ച സൂചന(4) മറുപടിയിൽ തനിക്ക് കുടുംബപരവും വ്യക്തിപരവുമായ കാരണങ്ങളാൽ യഥാസമയം ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കഴിഞ്ഞില്ലായെന്ന് രേഖപ്പെടുത്തിയിരുന്നു. 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15(2)(a) നിർദ്ദേശിക്കും വിധം അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് സൂചന(5) ഉത്തരവ് പുറപ്പെടുവിക്കുകയും, അന്വേഷണ ഉദ്യോഗസ്ഥൻ കോഴിക്കോട് RDTE യിലെ അക്കൌണ്ട്സ് ഓഫീസർ 15.11.2022 ന് തൃശ്ശൂർ എഞ്ചിനീയറിങ് കോളേജ് ൽ അന്വേഷണത്തിന് എത്തുകയും, രേഖകൾ പരിശോധിക്കുകയും, ബന്ധപ്പെട്ടവരുടെ മൊഴി എടുക്കുകയും ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് നല്കുകയും ചെയ്തു. ടി അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിഗണിച്ചതിൽ ടിയാൻറെ ഭാഗത്തുനിന്നും സംഭവിച്ച ടി വീഴ്ച്ച ലഘൂകരിച്ചുകാണുവാൻ കഴിയാത്തതും, ടി

Draft #11 of File EB2/32147/21/DTE Approved by Director (in-charge) on 08-Aug-2023 06:18 PM - Page 1

വീഴ്ച്ചയുടെ പശ്ചാത്തലത്തിൽ ടിയാൻ ടി നടപടികളിൽ കടുത്ത ശിക്ഷയ്ക്ക് വിധേയനുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ KSR Part I Appendix XIIA ചട്ടം 9 ന്റെ വിധേയമായി 1960 ലെ KCS(CCA) ചട്ടം 11(vii) പ്രകാരം ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടികൾ പൂർത്തിയാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ശ്രീ.എൽവിസ്.ഡി.കണ്ണത്ത്, ട്രേഡ് ഇൻസ്ട്രക്ടർ, സർക്കാർ എഞ്ചി. കോളേജ്, തൃശ്ശൂർ ( സ്ഥാപന മേധാവി മുഖേന)

2. പ്രിൻസിപ്പാൾ ,സർക്കാർ എഞ്ചി. കോളേജ്, തൃശ്ശൂർ

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 08.08.2023
Reason: Approved

Draft #11 of File EB2/32147/21/DTE Approved by Director (in-charge) on 08-Aug-2023 06:18 PM - Page 2

The document is digitally approved. Hence signature is not needed.